പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2163 07.12.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയ ധനസഹായം

ചോദ്യം

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; ലഭിച്ച തുക ഏതൊക്കെ ആവശ്യത്തിനാണ് ഉപയോഗിച്ചിട്ടുള്ളത്; ബസ്സു വാങ്ങുന്നതിനായി ഇതിൽ നിന്നും എത്ര തുക ഉപയോഗിച്ചു; എത്ര ബസ്സുകൾ വാങ്ങാൻ കഴിഞ്ഞിട്ടുണ്ട്;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച് നൽകിയ തുകയെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

തുക (കോടിയിൽ)

| വർഷം | വായ്പ | പദ്ധതി വിഹിതം | ഗ്രാന്റ് / സബ്സിഡി |
|---|---|---|---|
| 2011-12 | 140 | 42 | 32 |
| 2012-13 | 175 | 57.07 | 28 (ഡീസൽ സബ്സിഡി) |
| 2013-14 | 425 | 59 | - |
| 2014-15 | 266.41 | 65.42 | - |
| 2015-16 (നാളിതു വരെ) | 134.40 | 19.55 | - |
| ആകെ | **1140.81** | **243.04** | **60** |

2011-2012 സാമ്പത്തിക വർഷം ലഭ്യമായ വായ്പാതുക പൂർണ്ണമായും പ്രവർത്തനമൂലധന ചെലവുകൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്.

2012-13 സാമ്പത്തിക വർഷം ലഭ്യമായ വായ്പാതുകയിൽ 50 കോടി രൂപ Special Package നടപ്പിലാക്കുന്നതിനായും ശേഷിക്കുന്ന 125 കോടി രൂപ പ്രവർത്തനമൂലധന ചെലവുകൾക്കുമായാണ് വിനിയോഗിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| | | | 2013-14 സാമ്പത്തിക വർഷത്തെ വായ്പാ തുക പൂർണ്ണമായും പ്രവർത്തനമൂലധന ചെലവു കൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷത്തെ വായ്പാതുകയിൽ 39.56 കോടി രൂപ ബസ് ഷാസികൾ വാങ്ങു ന്നതിനും 76.85 കോടി രൂപ ബോഡീബിൽഡിംഗ് സാമഗ്രികൾ വാങ്ങുന്നതിനും ശേഷിക്കുന്ന തുകയായ 150 കോടി രൂപ പ്രവർത്തനമൂലധന ചെലവുകൾക്കുമായാണ് വിനിയോഗിച്ചിട്ടുള്ളത്.<br>2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ ബസ്സുകൾ വാങ്ങുന്നതിനായി 123.30 കോടി രൂപ പദ്ധതി വിഹിത ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.<br>ബസ്സുകൾ വാങ്ങുന്നതിനായി 162.86 കോടി രൂപ വിനിയോഗിച്ചു. ഈ തുക ഉപയോഗിച്ച് 933 ബസ്സുകൾ നിരത്തിൽ ഇറക്കിയിട്ടുണ്ട്. 2015-16-ൽ അനുവദിച്ച 19.55 കോടി രൂപ വിനിയോഗിച്ച് ബസ്സുകൾ വാങ്ങു ന്നതിന് അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. അന്യസംസ്ഥാനങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളിൽ നിന്നും എത്ര രൂപ വീതമെന്ന് വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി അന്യസംസ്ഥാനങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ